"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- ശ്രീ.സോമി എം.എം, തൊമ്മൻകുത്ത്, ഇടുക്കി സമർപ്പിച്ച അപേക്ഷ-അപ്പീൽ ആയി പരിഗണിച്ച് പരിശോധന നടത്തുന്നത്-വിനോദസഞ്ചാര വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീമതി.രശ്മി.റ്റി (പെൻ-101168) യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.362/2024/TSM തീയതി,തിരുവനന്തപുരം, 20-07-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം.324/15/ടൂറിസം തീയതി 21-12-2015.
2. ശ്രീ. സോമി എം.എം, ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രി, വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി എന്നിവർ സമക്ഷം സമർപ്പിച്ച പരാതികൾ.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 03-06-2024 തീയതിയിലെ DOT/942/2024-ATIO1(M) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നടപടിക്രമങ്ങൾ പൂർത്തിയാക്കി എല്ലാ രേഖകളും ഹാജരാക്കിയിട്ടും "ഹൈഡ് എവേ തൊമ്മൻകുത്ത്" എന്ന പേരിലുള്ള തന്റെ ഹോംസ്റ്റേയ്ക്ക് അനുമതി നിഷേധിച്ച ഇടുക്കി ജില്ലാ പരിശോധന സമിതിയുടെ നടപടി റദ്ദാക്കണമെന്നും, ഔദ്യോഗികാവശ്യത്തിന് എന്ന വ്യാജേന ശ്രീ. സോമി എം.എം തൊമ്മൻകുത്തിന്റെ വീടിന്റെയും, പരിസരത്തിന്റെയും, വീഡിയോ ഷൂട്ട് ചെയ്ത് സമൂഹമാധ്യമങ്ങളിൽ ടിയാന്റെ അനുമതി കൂടാതെ പ്രചരിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം ശ്രീ. സോമി എം.എം തൊമ്മൻകുത്ത്, ഇടുക്കി പരാതി സമർപ്പിക്കുകയുണ്ടായി.

(2) മേൽ അപേക്ഷയിൽ സ്വീകരിച്ച നടപടിയിൽ ഇടുക്കി ജില്ലാ ഓഫീസിനു വീഴ്ച ഉണ്ടായതായി കാണുന്നില്ല എന്നും, പരാതിക്കാരൻ പരാമർശിച്ചിട്ടുള്ള വീഡിയോകൾ പരിശോധിച്ചപ്പോൾ അപേക്ഷകനെ അപകീർത്തിപ്പെടുത്തുന്നതായി ഒന്നും കണ്ടില്ല എന്നും പരാതി പരിശോധിച്ച വിനോദസഞ്ചാര വകുപ്പ് എറണാകുളം ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുള്ളതായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട്

ചെയ്തിരിക്കുന്നു. കൂടാതെ, വിനോദ സഞ്ചാര വകുപ്പിന്റെ ഒരു പുതിയ സംരംഭകൻ എന്ന നിലയിൽ അപേക്ഷകനു മേൽവിഷയത്തിൽ അപ്പീൽ നൽകുവാനുള്ള അവസരം ഒരിക്കൽക്കൂടി നൽകുകയോ, ടിയാന്റെ പരാതി തന്നെ അപ്പീലായി പരിഗണിച്ചുകൊണ്ട് , അപ്പീൽ കമ്മിറ്റിയ്ക്ക് ആവശ്യമെങ്കിൽ യൂണിറ്റ് വീണ്ടും പരിശോധന നടത്തി പരാതി തിർപ്പാക്കാവുന്നതാണെന്നും എറണാകുളം ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുള്ളതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) മേൽ സാഹചര്യത്തിൽ ശ്രീ.സോമി എം.എം, തൊമ്മൻകുത്ത്, ഇടുക്കി സമർപ്പിച്ച അപേക്ഷ അപ്പീൽ ആയി പരിഗണിച്ച് കൊണ്ട് പ്രസ്തുത ഹോംസ്റ്റേ സന്ദർശിച്ച് അന്വേഷണം നടത്തി പരാതിയിൽ കഴമ്പുണ്ടോ എന്നും ഹോംസ്റ്റേ ക്ലാസിഫൈ ചെയ്ത് നൽകാവുന്നതാണോ എന്നും സർക്കാർ തലത്തിൽ തീരുമാനം സ്വീകരിക്കണമെന്ന് വിനോദസഞ്ചാര വകുപ്പ് ഡയരക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങളിൽ ആക്ഷേപമുള്ള പക്ഷം ആയത് പരിശോധിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി ചെയർമാനായും, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കൺവീനറായും, കിറ്റ്സ് ഡയറക്ടർ, എഫ്.സി.ഐ പ്രതിനിധി, ഐ.എ.റ്റി.ഒ പ്രതിനിധി എന്നിവർ അംഗങ്ങളായും ഒരു സ്റ്റേറ്റ് ലെവൽ കമ്മിറ്റി പരാമർശം (1) പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(5) ശ്രീ.സോമി എം. എം,- ന്റെ ഉടമസ്ഥതയിലുള്ള "ഹൈഡ് എവേ തൊമ്മൻകുത്ത്" എന്ന പേരിലുള്ള ഹോസ്റ്റേയ്ക്ക് അനുമതി നിഷേധിച്ചതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള പരാമർസം(2) പ്രകാരമുള്ള അപേക്ഷ അപ്പീൽ ആയി പരിഗണിച്ച് കൊണ്ട്, പ്രസ്തുത ഹോംസ്റ്റേ സന്ദർശിച്ച് അന്വേഷണം നടത്തി പരാതിയിൽ കഴമ്പുണ്ടോ എന്നും ഹോംസ്റ്റേ ക്ലാസിഫൈ ചെയ്ത് നൽകുന്നതിന്മേൽ ആവശ്യമായ നടപടികൾ കൊക്കൊള്ളുന്നതിലേയ്ക്കുമായി, 2024 ജൂലൈ മാസം 24-ാം തീയതി ടിയാന്റെ ഹോംസ്റ്റേയിൽ പരിശോധന നടത്തുന്നതിനായി, ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സംബന്ധിച്ച സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ ചെയർമാനായ വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധിയായി വിനോദസഞ്ചാര വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീമതി.രശ്മി.റ്റി (പെൻ-101168) യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനുപുറമേ ടിയാരിയ്ക്ക് പ്രസ്തുത യാത്രയ്ക്കുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(6). മേൽ പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

ശ്രീമതി.രശ്മി.റ്റി (പെൻ-101168), അണ്ടർ സെക്രട്ടറി,വിനോദസഞ്ചാര വകുപ്പ്

ശ്രീ. സോമി എം.എം,മുണ്ടയ്ക്കൽ,തൊമ്മൻകുത്ത്(പി.ഒ), ദർഭത്തൊട്ടി, ഇടുക്കി-685 581.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
ഉത്തരവിൻ പ്രകാരം
Archana T
Date: 20-07-2024 17:06:57
സെക്ഷൻ ഓഫീസർ

പകർപ്പ്:

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.